പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1233 02.03.2017 ൽ മറുപടിയ്ക്ക്

**സ്കൂൾ കലോത്സവങ്ങളിൽ സ്കൂളുകളുടെ വിഹിതം**

**ചോദ്യം** **ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് ഓരോ സ്കൂളിൽ നിന്നും സബ് ജില്ല, റവന്യൂ ജില്ല, സംസ്ഥാനതല മത്സരങ്ങളുടെ നടത്തിപ്പിനായി എത്ര തുക വീതമാണ് ഈടാക്കിയത്; | (എ) | കേരള വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നും യാതൊരു തുകയും പിരിയ്ക്കാൻ പാടില്ല. 9, 10 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന 2 രൂപയും 5 രൂപ സംഭാവനയും സ്വരൂപിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് സ്വരൂപിക്കുന്ന 50/- രൂപ സ്കൂൾതലം, സബ് ജില്ലാ തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിവയ്ക്കായി 8/-, 10/-, 10/-, 22/- രൂപ ക്രമത്തിൽ അടയ്ക്കുന്നതിനുമാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. |
| (ബി) | സ്കൂളുകളുടെ വിഹിതം നൽകാത്തതു കാരണം മത്സരത്തിൽ പങ്കെടുക്കുന്നതിന് ഏതെങ്കിലും വിദ്യാർത്ഥികൾക്ക് അനുമതി നിഷേധിച്ച സംഭവമുണ്ടായിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ അവസരം നിഷേധിക്കുന്നത് വിദ്യാർത്ഥികളുടെ മനോവീര്യം കെടുത്തുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ